ശ്രീ. കെ. എം. മാണി : എത്ര എഞ്ചിനീയറന്മാർക്ക്, എത്ര ഡോക്ടറന്മാർക്ക് എത്ര technocrats-നു ജോലിയില്ല എന്നുള്ളതു ഇക്കൊണോമിക് റവ്യൂവിൽ ഉണ്ട്. കൃത്യമായ കണക്ക് അറിയില്ല. എന്തായാലും ജോലിയില്ലാത്ത technocrats-നു എല്ലാം ഇലക്ട്രിസിറ്റിബോർഡിൽ ജോലി കൊടുക്കുകയെന്നു പറഞ്ഞാൽ അസാദ്ധ്യമാണ്. ഉള്ള വേക്കൻസി വച്ച് നമുക്ക് ജോലി കൊടുക്കാം. ഒരു വിഷമവും അതിൽ വിചാരിക്കണ്ട. നമ്മുടെ എല്ലാം ആവശ്യം രാജ്യത്തിന്റെ താൽപ്പര്യമാണ്. അതനുസരിച്ച് ഉള്ള വേക്കൻസി വച്ച് ജോലി കൊടുക്കാം, അതല്ലാതെ പറ്റില്ല.

ശ്രീ. കെ. ജെ. ജോർജ് : ലൈൻമാൻമാരുടെ ലിസ്റ്റ് പി. എസ്. സി സെലക്ട് ചെയ്തത് എന്നാണ്. ഇലക്ട്രിസിറ്റിബോർഡിൽ ആരെയും നിയമിക്കുന്നില്ലെന്ന് മാത്രമല്ല ഇതിന് വിരുദ്ധമായി റിട്ടയർ ഹാൻഡ്സിനെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പതിവ് ഇപ്പോഴും ഉണ്ടോ?

ശ്രീ. കെ. എം. മാണി : ഇതൊരു കാമ്പയിൻ കമ്മറ്റ്മെന്റാണ്. റിട്ടയർ ഹാൻഡ്സിനെ നിയമിക്കുന്ന പതിവില്ല. അപൂർവ്വം ചില കേസുകളിൽ ഗവൺമെന്റ്ആയാലും ഡിപ്പാർട്ടുമെന്റായാലും ഇത് ചെയ്തു എന്നു വരാം. അതായത് ചിലപ്പോൾ ചില ഇൻഡിവിഡ്വൽസിന്റെ കാര്യത്തിൽ, എക്സ് പെർട്ട്സിന്റെ കാര്യത്തിൽ ചെയ്തു എന്നു വരാം.

പണിമുടക്കിയ വൈദ്യുതി ജീവനക്കാരിൽനിന്നും പിടിച്ചുവച്ചിട്ടുള്ള ശമ്പളം

* 265 [322] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എം. ജിനദേവൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, സി. കെ. തങ്കപ്പൻ :
,, ഒ. രേതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ഫെബ്രുവരി 7-ാം തീയതി മുതൽ പണിമുടക്കിയ വൈദ്യുതി ജീവനക്കാരിൽനിന്നും ഫെബ്രുവരി ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിലെ ശമ്പളം പിടിച്ചുവച്ചിട്ടുള്ളത് തിരിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതു നിയമത്തിന് വിധേയമായിട്ടാണ് പണിമുടക്കാത്ത ദിവസങ്ങളിലെ ശമ്പളം പിടിച്ചുവച്ചത് ;

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1985 ഫെബ്രുവരി ഏഴാം തീയതി മുതൽ വിദ്യുച്ഛക്തി ബോർഡിൽ പണിമുടക്കു നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി ആൻറ് ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇലക്ട്രിസിറ്റി ബോർഡിൽ നടന്ന പണിമുടക്കിനുശേഷമുള്ള ദിവസങ്ങളിലെ വേതനം പിടിച്ചുവക്കുന്നത് ശരിയല്ലെന്ന ഹൈക്കോടതി വിധിയെ മറികടക്കുന്നതിനുവേണ്ടി പണിമുടക്കു തുടങ്ങുന്നതിനുമുമ്പുള്ള ദിവസങ്ങളിൽ ഏഴ് ദിവസത്തെ ശമ്പളം പിടിച്ചു വച്ച സംഭവം ഇലക്ട്രിസിറ്റിബോർഡിൽ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : ഹൈക്കോടതി വിധിയെ തീർച്ചയായും മാനിക്കും. പണിമുടക്ക് പിൻവലിച്ചതിനുശേഷമുള്ള ദിവസങ്ങളിലെ വേജ് ഡിഡക്ട് ചെയ്യാൻപാടില്ലെന്നാണ് ഹൈക്കോടതി പറഞ്ഞത്. അത് മാനിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇങ്ങനെ ഒരു വിധി ഉണ്ടായിരുന്നതിനെ മറികടക്കുന്നതിന് പണിമുടക്ക് തുടങ്ങുന്നതിനുമുമ്പ് ജോലി ചെയ്ത ദിവസങ്ങളിലെ ശമ്പളം പിടിച്ചു വയ്ക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ?

ശ്രീ. കെ. എം. മാണി : 1936-ലെ പേമെൻറ് ഓഫ് വേജസ് ആക്ടിലെ സെക്ഷൻ-9 സബ്സെക്ഷൻ-2 അനുസരിച്ച് വേജ് ഡിഡക്ട് ചെയ്യാം. ഒരു ദിവസം പണിമുടക്കിയാൽ എട്ടു ദിവസത്തെ ശമ്പളം ഡിഡക്ട് ചെയ്യാം. പണിമുടക്ക് എന്നു പറയുന്നത് ഗൗരവമുള്ള കാര്യമാണ്, നമ്മളെല്ലാം അത് മനസ്സിലാക്കണം.

ശ്രീ. എം. ജിനദേവൻ : നിയമാനുസൃതമായി നോട്ടീസ് നൽകി പണിമുടക്കിയാൽ ആ പണിമുടക്കിന് ഇപ്രകാരം ശമ്പളം പിടിച്ചുവയ്ക്കുന്നത് ശരിയാണോ ; ആത് നിയമത്തിന് അനുകൂലമാണോ ?

ശ്രീ. കെ. എം. മാണി : 1936-ലെ പേമെൻറ് ഓഫ് വേജസ് ആക്ടിൽ സെക്ഷൻ-9-ൽ പറഞ്ഞിരിക്കുന്നത് ഇല്ലീഗൽ ആയിട്ടുള്ള പണിമുടക്കാണ്. ഇത് എസൻഷ്യൽ സർവ്വീസാണ്. എസൻഷ്യൽ സർവ്വീസിൽ ഇതുപോലുള്ള വളരെ അനവധാനതയോടുകൂടി, നിരുത്തരവാദപരമായി എന്ന് ഞാൻ ചേർക്കുന്നില്ല, സമരം ശരിയല്ല. ഇങ്ങനെയുള്ള സമരങ്ങളെ ഇല്ലീഗലായിട്ട് പ്രഖ്യാപിച്ച് വളരെയധികം ശിക്ഷണ നടപടികളിലേക്ക് കടക്കാം. ഗവൺമെൻറ് ഒരിക്കലും അത് ചെയ്യുകയില്ല, കാരണം, ഒരു അനുഭവം ഈ ജീവനക്കാരോട് ഞങ്ങൾക്കുണ്ട്.

ശ്രീ. എം. ജിനദേവൻ : കേരളത്തിൽ ഇതിനുമുമ്പ് ഏതെങ്കിലും പൊതുമേഖലാസ്ഥാപനത്തിലോ സഹകാര്യമേഖലാ സ്ഥാപനത്തിലോ ഒരു ദിവസം പണിമുടക്കിയതിന്റെ പേരിൽ ഏഴു ദിവസത്തെ വേതനം പിടിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഏതെന്നു ചൂണ്ടിക്കാണിക്കാമോ ?

ശ്രീ. കെ. എം. മാണി : കോഓപ് ഇന്ത്യാ ലിമിറ്റഡിൽ ഇങ്ങനെ ശമ്പളം പിടിച്ചുവച്ചിട്ടുണ്ട്. പക്ഷെ അവർ ഹൈക്കോടതിയിൽ കേസിനുപോയി. വേറെ ഒരു സ്ഥാപനത്തിലും ഇങ്ങനെ ശമ്പളം പിടിച്ചുവച്ചിട്ടില്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : ഇലക്ട്രിസിറ്റി ബോർഡിൽ ഏതെങ്കിലും കാലത്ത് തൊഴിലാളികൾ പണിമുടക്കിയപ്പോൾ പണിമുടക്കാത്ത ദിവസങ്ങളിലെ ശമ്പളം പിടിച്ചുവച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റി ബോർഡിൽ എന്നല്ല മറ്റ് എല്ലായിടത്തും ഇതൊന്ന് ട്രൈ ചെയ്യേണ്ട കാര്യമാണ്. എന്റെ അഭിപ്രായമാണ് ഞാൻ പറയുന്നത്. എന്റെ കൈയിൽ പേമെന്റ് ഓഫ് വേജസ് ആക്ട് ഉണ്ട്. ഈ രാജ്യത്തിലെ തൊഴിലാളികളുടെ മാഗ്നാകാർട്ടയാണത്. അതിൽ 9-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് ഒരു ദിവസം പണിമുടക്കിയാൽ എട്ടുദിവസത്തെ ശമ്പളം പിടിക്കാം, ഇല്ലീഗൽ സ്ട്രൈക്ക് എന്നാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല അവസരങ്ങളിലും അവർ പണിമുടക്കുംപ്പെടെയുള്ള സമര പരിപാടിയിലേക്ക് നീങ്ങിയപ്പോൾ കൂടിയാലോചനയിലൂടെ ആ പ്രശ്നം പരിഹരിക്കാതെയിരിക്കുകയും ചില സന്ദർഭങ്ങളിൽ കൂടിയാലോചനയുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്തു എങ്കിലും ആ കരാറുകൾ നടപ്പാക്കാത്തതിന്റെ ഫലമായിട്ടാണ് തൊഴിലാളികൾ പണിമുടക്ക് അടക്കമുള്ള സമര പരിപാടികളിലേക്ക് നീങ്ങിയത് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, തൊഴിലാളികളുടെ കുറ്റംകൊണ്ടല്ലാതെ പണിമുടക്കിയ ദിവസങ്ങളിലെ ശമ്പളം പിടിച്ചുവയ്ക്കുന്നത് നീതിയാണോ ? അത് ഏതു വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : This is an opinion. ആളുകൾക്ക് നീതിയല്ല എന്നു പറയാം, 'ഡയസ്നോൺ' എന്നതിനെക്കുറിച്ച് ബേബിജോണിനോടു ചോദിച്ചാലും ശ്രീ. നായനാരോടു ചോദിച്ചാലും നീതിയല്ല എന്നു പറയും. പക്ഷേ 'ഡയസ്നോൺ' അവർകൂടി ഇരുന്നപ്പോൾ നടപ്പിലാക്കിയതാണ്. സമരം ചെയ്തിട്ടുണ്ടോ ആ ദിവസം ഡ്യൂട്ടി ആയിട്ടു പരിഗണിക്കുന്നതല്ല. ശമ്പളം പിടിക്കും. അത് ശ്രീ. ബേബിജോണിന്റെ കാലഘട്ടത്തിൽ നമ്മൾ എല്ലാംകൂടി ഉണ്ടാക്കിയതാണ്. ചിലപ്പോൾ ശ്രീ. നായനാർ പറയും ശ്രീ. ബേബിജോണും കൂടിയിരുന്ന് ഉണ്ടാക്കിയ ആ നിയമം തെറ്റാണെന്ന്. ശ്രീ. നായനാരുടെ ഭരണകാലഘട്ടത്തിലും ഇത് അനുവർത്തിച്ചിരുന്നു. These are opinions. Opinions are not relevant at all.

Mr. Speaker : Opinions are relevant, but not at all applicable. They are not admissible.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : വ്യവസ്ഥകൾ നടപ്പാക്കാതിരുന്നതിന്റെ ഫലമായിട്ടല്ലേ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. എം. മാണി : വ്യവസ്ഥകളൊക്കെ നടപ്പാക്കിയിട്ടുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇലക്ട്രിസിറ്റി ബോർഡ് എന്നു പറയുന്ന എസൻഷ്യൽ സർവ്വീസിൽ എന്തെങ്കിലും തൊഴിലാളിവർഗ്ഗത്തിന്റെയോ ജീവനക്കാരുടേയോ പണിമുടക്ക് നിരോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : നിരോധിക്കാമായിരുന്നു എന്നിട്ടും നിരോധിച്ചില്ല. പണിമുടക്കാൻ അവസരം നൽകി. ന്യായമായ പണിമുടക്കിനെ ടോളറേറ്റ് ചെയ്തു. പരിധി കടന്നപ്പോൾ നിയന്ത്രിച്ചു. അതു മാത്രമേ ചെയ്തിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : പണിമുടക്കിന്റെ പേരിൽ പിടിച്ചുവച്ച ശമ്പളം തൊഴിലാളി വർഗ്ഗത്തോട് ആഭിമുഖ്യമുള്ള ഗവൺമെന്റ് ആണ് അങ്ങയുടെ ഗവൺമെന്റ് എന്ന നിലയ്ക്ക് തിരിച്ചുകൊടുക്കാനുള്ള സമീപനം ഗവൺമെന്റ് എടുക്കുമോ ?

ശ്രീ. കെ. എം. മാണി : അങ്ങയെയുള്ള പല നല്ലകാര്യങ്ങളെക്കുറിച്ചും ഇനിയും നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. ഒ. ഭരതൻ : 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ടിലെ 9-ാം വകുപ്പ് അനുസരിച്ചാണ് സ്ട്രൈക്ക് നടത്തിയ തൊഴിലാളികളിൽനിന്നും ഏഴു ദിവസത്തെ വേജസ് പിടിച്ചെടുത്തത് എന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. 1936-ലെ പേമെന്റ് ഓഫ് വേജസ് ആക്ട് എന്നു പറയുന്നത് രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടുന്നതിന് ഏതാണ്ടു മുപ്പതു വർഷം മുൻപ് ബ്രിട്ടീഷുകാരന്റെ ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ്. അതുകൊണ്ട് അതിന്റെ തത്വങ്ങളും സിദ്ധാന്തങ്ങളും ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചുകഴിഞ്ഞതിനുശേഷം അംഗീകരിക്കപ്പെടുന്നത് പ്രാകൃതമാണ്, കാടത്തമാണ് എന്നുള്ള പാറ്റ്നാ ഹൈക്കോടതിയുടേയും മറ്റു പല ഹൈക്കോടതികളുടേയും പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ തീരുമാനം മാറ്റുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സ്വാതന്ത്ര്യ പ്രാപ്തിക്ക് മുൻപുള്ള പല നിയമങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പ്രാകൃതമാണെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. വേണമെങ്കിൽ ആവശ്യമുള്ള അമെൻമെന്റിനെ സംബന്ധിച്ചിടത്തോളം ആലോചിക്കാം. ഇതിന് പാർലമെന്റിനു സ്വാതന്ത്ര്യമുണ്ട്. നിയമസഭക്കും സ്വാതന്ത്ര്യമുണ്ട്. വെറുതെ സ്റ്റേറ്റ്മെന്റ് നടത്താൻ പാടില്ല.

ശ്രീ. ഒ. ഭരതൻ : 1948-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് ഒരു തൊഴിലാളിക്ക് ഇന്നയിന്ന സാഹചര്യങ്ങളിൽ മാത്രമേ പണിമുടക്കാൻ പാടുള്ളൂ എന്ന് അനുശാസിക്കുന്നുണ്ട്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് ജസ്റ്റിഫയബിൾ ആയിട്ടുള്ള സ്ട്രൈക്കാണ് എന്നു കണ്ടിട്ട് ഈ കൂലി പിടിച്ചെടുത്തതു തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പണി എനിക്ക് അറിയാൻ പാടില്ല. ചോദ്യം ഉദിക്കുന്നില്ല എന്നു പറഞ്ഞതിനുശേഷവും ചോദിച്ച ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. എന്തു മര്യാദയായിട്ടാണ് കാര്യങ്ങളെ ഗവൺമെന്റ് വീക്ഷിക്കുന്നത്. അതുകൊണ്ട് ആ നിലയ്ക്ക് ചിന്തിക്കരുത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പേമെന്റ് ഓഫ് വേജസ് ആക്ടിനെക്കുറിച്ചാണ് എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രിസഭയെതെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുപോലെ ഒരു പീരിയഡിലെ, അല്ലെങ്കിൽ ഒരു ദീർഘകാലത്തെ ശമ്പളം പിടിക്കണം എന്നു പേമെന്റ് ഓഫ് വേജസ് ആക്ടിൽ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി സഭയുടെ മുൻപാകെ പറയുന്നതുപോലെയാകണമെങ്കിൽ ഒന്നുകിൽ പേമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫ് വേജസ് ആക്ട് അനുസരിച്ച് സ്ട്രൈക്ക് ഇല്ലീഗൽ ആണെന്നു പറയണം; നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കണം. ജോലി വ്യവസ്ഥകൾ അത് കോൺട്രാക്ട് ആണെങ്കിൽ, എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നതരത്തിൽ തൊഴിലാളികൾ ആബ്സന്റ് ആയാൽ മാത്രമേ ഒരു ദിവസത്തെ ശമ്പളം പിടിക്കുവാൻ പാടുള്ളൂ. അതല്ലാതെ മുഴുവൻ കാലത്തേയും ശമ്പളം പിടിക്കുവാൻ പേമെന്റ് ഓഫ് വേജസ് ആക്ടിൽ വ്യവസ്ഥയില്ല. അതിനനുസൃതമായി മദ്ധ്യപ്രദേശിലും കേരളത്തിലും മറ്റുസ്ഥലങ്ങളിലും ശമ്പളം പിടിക്കാൻ പാടില്ല എന്നുണ്ട്. അതുകൊണ്ട് നിങ്ങൾ ഇലക്ട്രിസിറ്റി ബോർഡിൽ പേമെന്റ് ഓഫ് വെജസ് ആക്ട് അനുസരിച്ച് ശമ്പളം പിടിച്ചതു ശരിയാണോ ?

ശ്രീ. കെ. എം. മാണി : കേസ് നമുക്ക് ഹൈക്കോടതിയിൽ വാദിക്കാം. കേസ് അവിടെ പെൻഡിംഗാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ നിയമ പണ്ഡിറ്റ് എന്ന നിലയിൽ ഹൈക്കോടതിയിൽ വാദിച്ച് അതു തെറ്റാണെങ്കിൽ തിരുത്താം.

ബാർ ലൈസൻസ്

* 266 [323] ശ്രീ. രമേശ് ചെന്നിത്തല :
,, തച്ചടി പ്രഭാകരൻ :
,, കെ. കെ. തോമസ് :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്ത് ;

(ബി) ഇതിനാവശ്യമുള്ള വിദേശമദ്യം നൽകുന്നത് ഏത് ഏജൻസിയാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985 ജൂൺ 30 വരെ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയ വകയിൽ എത്ര സംഖ്യ ലഭിച്ചു ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) സംസ്ഥാനത്തെ വിദേശമദ്യ മൊത്ത വ്യാപാര ശാലകളാണ് ഇവർക്ക് വിതരണം ചെയ്യുന്നത്.

(സി) 7,68,00,000 രൂപ.

ശ്രീ. രമേശ് ചെന്നിത്തല : ഈ സാമ്പത്തിക വർഷം എത്ര ലൈസൻസ് ഈ ഡിപ്പാർട്ടുമെന്റ് മുഖേന കൊടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly